"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - വിവിധ ഫണ്ടുകളായി അനുവദിച്ച തുക ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1678/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/09/2020

പരാമർശം:- തലശ്ശേരി നഗരസഭ ചെയർമാൻ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച 25.05.2020-ലെ ആർ1.39919/18 നമ്പർ കത്ത്.

**ഉത്തരവ്**

തലശ്ശേരി നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുയാണെന്നും, സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചത് മുതൽ തനത് വരുമാനമൊന്നും ലഭ്യമല്ലാത്തതിനാൽ പ്രതിസന്ധി രൂക്ഷമാണെന്നും നഗരസഭയുടെ തനത് വരുമാനവും ജനറൽ പർപ്പസ് ഗ്രാന്റും ശമ്പളവും പെൻഷനും നൽകുന്നതിന് മാത്രമേ തികയുന്നുള്ളൂയെന്നും ശമ്പളവും പെൻഷനും മറ്റ് അത്യാവശ്യ ചെലവുകളും നിർവ്വഹിക്കുന്നതിന് നഗരസഭയ്ക്ക് 1,25,00,000/- രൂപ ആവശ്യമാണെന്നും തനത് വരുമാനവും ജനറൽ പർപ്പസ് ഗ്രാന്റും ഉപയോഗിച്ച് ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത സാഹചര്യത്തിൽ നഗരസഭ കഴിഞ്ഞ രണ്ട് മാസമായി യാതൊരു വരുമാനവുമില്ലാതെ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ടെന്നും നഗരസഭയ്ക്ക് നൽകാനുള്ള പെൻഷൻ ഫണ്ട് കുടിശ്ശികയിനത്തിൽ 5 കോടി രൂപ സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷൻ നൽകിവരുന്നതെന്നും തലശ്ശേരി നഗരസഭ ചെയർമാൻ പരാമർശത്തിലെ കത്തിലൂടെ അറിയിച്ചിരുന്നു.

2. മേൽക്കാരണങ്ങളാൽ 2020 ജൂൺ മാസം മുതൽ ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത അവസ്ഥയാണ് തലശ്ശേരി നഗരസഭയിലുള്ളതെന്നും ആയതിനാൽ നഗരസഭയ്ക്ക് വിവിധ കേന്ദ്ര-സംസ്ഥാന ഫണ്ടുകളായി അനുവദിച്ച (ശുചിത്വമിഷൻ - 24,19,653/-, അയ്യങ്കാളി പദ്ധതി - 20,60,601/-, പി.എം.എ.വൈ.- 14,48,847/-, സ്വച്ച് ഭാരത് മിഷൻ - 1,15,82,739/-, IHSDP- 1,08,07,053/- UIDSSMT- 10,77,45,835/-, RMSA-20,45,996/-) 13,81,10,724/- രൂപയിൽ നിന്ന് ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് അനുമതി നൽകണമെന്നും തലശ്ശേരി നഗരസഭ ചെയർമാൻ പരാമർശത്തിലെ കത്തിലൂടെ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ കോവിഡ് സാഹചര്യത്തിൽ financial propriety, സർക്കാർ നിബന്ധനകൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് അനിവാര്യമായി നിർവഹിക്കേണ്ട ചെലവുകൾക്ക് മാത്രം ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ.) / (ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.09.18 [illegible]:45 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ)യുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.